# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5775 03.11.2016 - ലെ മറുപടി**

**മൂലത്തറ റഗുലേറ്ററിന്റെ പുനർനിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. കൃഷ്ണൻകുട്ടി** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) പൂർണ്ണമായും തകർന്ന മൂലത്തറ റഗുലേറ്ററിന്റെ പുനർനിർമ്മാണ പ്രവർത്തികൾ സംബന്ധിച്ച് ടെന്റർ നടപടികൾ പൂർത്തിയായെങ്കിലും പണി ആരംഭിക്കുവാൻ താമസിക്കുന്നതിന് എന്തെങ്കിലും കാരണമുണ്ടോ ; എങ്കിൽ അത് വിശദമാക്കാമോ ; | (എ) ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന ഡാം റീഹാബിലിറ്റേഷൻ ഇംപ്രൂവ്മെന്റ് പ്രോജക്റ്റിന്റെ (DRIP) ഭാഗമായാണ് മൂലത്തറ റഗുലേറ്ററിന്റെ പുനർനിർമ്മാണ പ്രവർത്തികൾ നടപ്പിലാക്കുന്നത്. 25 കോടി രൂപയ്ക്കു മുകളിലുള്ള പ്രവർത്തികളുടെ ഓരോ ഘട്ടത്തിലും ലോക ബാങ്കിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. 49.50 കോടി രൂപയുള്ള പുനർനിർമ്മാണ പ്രവർത്തികളാണ് മൂലത്തറയിൽ നടപ്പിലാക്കുന്നത്. പ്രോജക്റ്റ് ടെംപ്ലേറ്റിനും ടെണ്ടർ രേഖകൾക്കും ലോക ബാങ്ക് അനുമതി നൽകിയതിനു ശേഷമാണ് പ്രസ്തുത പ്രവർത്തി ടെന്റർ ചെയ്തത്. ടെന്റർ തുറന്നതിനു ശേഷം സൂപ്രണ്ടിംഗ് എഞ്ചിനീയർ, ശിരുവാണി പ്രോജക്റ്റ് സർക്കിൾ, ടെന്റർ ഇവാല്യുവേഷൻ റിപ്പോർട്ട് (BER) തയ്യാറാക്കുകയും ലോക ബാങ്ക് അനുമതി നേടിയെടുക്കുന്നതിനുവേണ്ടി പ്രസ്തുത റിപ്പോർട്ട് സെൻട്രൽ വാട്ടർ കമ്മീഷൻ മുഖാന്തിരം ലോക ബാങ്കിന് സമർപ്പിക്കുകയും ചെയ്തുവെങ്കിലും ലോക ബാങ്കിൽ നിന്നുമുള്ള അനുമതി ഇതുവരെ ലഭിച്ചിട്ടില്ല. അനുമതി ലഭിച്ചതിനു ശേഷം മാത്രമെ തുടർ നടപടികൾ സാധ്യമാകുകയുള്ളൂ. ഇതിനു പുറമെ M/s Gen Machines Pvt. Ltd., Kohima, Nagaland (Lowest tenderer) ടെന്റർ നടപടികൾ സുതാര്യമല്ല എന്ന് ആരോപിച്ച് ബഹു. കേരള ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്യുകയും 20.10.2016—ലെ ഇടക്കാല ഉത്തരവിലൂടെ ഒരു മാസത്തേയ്ക്ക് ടെന്റർ തീർപ്പാക്കാൻ പാടുള്ളതല്ല എന്ന് കോടതി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഈ കേസിന്മേലുള്ള അന്തിമ വിധി വരേണ്ടതും ആവശ്യമാണ്. |
| (ബി) നിലവിൽ എത്ര രൂപയ്ക്കാണ് ടെന്റർ ഉറപ്പിച്ചിട്ടുള്ളത് ; എത്രയും വേഗം പ്രസ്തുത പണി ആരംഭിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ; | (ബി) ടെന്റർ നാളിതുവരെ ഉറപ്പിച്ചിട്ടില്ല. ലോക ബാങ്കിന്റെ അനുമതി ലഭിച്ചതിനു ശേഷം മാത്രമെ ടെന്റർ ഉറപ്പിക്കുവാൻ സാധിക്കുകയുള്ളൂ. അനുമതി ലഭിച്ചു കഴിഞ്ഞാൽ കാലതാമസം കൂടാതെ പണി ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനു പുറമെ മേൽ പ്രതിപാദിച്ചിരിക്കുന്ന കേസിലെ ബഹു. കേരളാ ഹൈക്കോടതിയുടെ വിധിയും ലഭിക്കേണ്ടതുണ്ട്. |

സി) പ്രസ്തുത പണി എത്ര നാളുകൾക്കകം പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ ; സമയ ബന്ധിതമായി പണി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

(സി) പ്രസ്തുത പണി എഗ്രിമെന്റ് വെച്ചതിനുശേഷം 21 മാസങ്ങൾ കൊണ്ട് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. പണി ആരംഭിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി പണി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ